# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ ഡോമിനിക് സാവിയോ




1842 ഏപ്രിൽ മാസം രണ്ടാം തിയതി ഇറ്റലിയിലെ കിയേത്തി എന്ന സ്ഥലത്തിനടുത്ത് വളരെ പാവപ്പെട്ട ഒരു കുടുംബത്തിലാണ് ഡോമിനിക് സാവിയോയുടെ ജനനം. യുവജനതയുടെ മഹനീയമാതൃകയാണ് വിശുദ്ധ ഡോമിനിക് സാവിയോ.ചെറുപ്രായത്തിൽ തന്നെ അവന്റെ മാതാപിതാക്കളും ബന്ധുക്കളും വിശുദ്ധിയുടെ കിരണങ്ങൾ അവനിൽ ദർശിച്ചിരുന്നു. അവന്റെ കുടുംബം വളരെ ഭക്തിതീഷ്ണതയുള്ളതായിരുന്നു. എല്ലാ ദിവസവും ജപമാല ചൊല്ലുകയും ദിവ്യബലിയിൽ സംബന്ധിക്കുകയും മാതൃകാപരമായ ജീവിതം നയിക്കുകയും ചെയ്തിരുന്ന ഒരു കുടുംബം. വളർന്നുവന്ന ഈ വിശുദ്ധമായ സാഹചര്യം അവനിൽ പുണ്യത്തിന്റെ വിത്തുകൾ പാകി. ഡോമിനിക്കിന്റെ പിതാവ് ഒരു കൊല്ലപ്പണിക്കാരനായിരുന്നു. എത്രയേറെ ജോലിത്തിരക്കുണ്ടെങ്കിലും ഡോമിനിക്കിനെയും കൂട്ടി രാവിലെയും ഉച്ചയ്ക്കും വൈകുന്നേരവും അദ്ദേഹം പ്രാർത്ഥിക്കുമായിരുന്നു. പ്രാർത്ഥനയുടെ ഈ ഭവനമാണ് ലോകത്തിന് വലിയൊരു വിശുദ്ധനെ പ്രദാനം ചെയ്തത്.

ഒരിക്കൽ ഭക്ഷണത്തിനുമുൻപ് ഡോമിനിക്കിന്റെ പിതാവ് പ്രാർത്ഥിക്കുവാൻ മറന്നു. അവൻ ഓടിച്ചെന്ന് തന്റെ പിതാവിനോട് ചോദിച്ചു. പപ്പാ, എങ്ങനെയാണ് നമ്മുടെ ഭക്ഷണം ദൈവം ആശീർവദിക്കാതെ നാമത് കഴിക്കുന്നത്? എല്ലാവരും തികഞ്ഞ ബോധ്യത്തോടെ പ്രാർത്ഥന ചൊല്ലിയതിന് ശേഷമാണ് ഭക്ഷണമാരംഭിച്ചത്. മറ്റൊരിക്കൽ ഒരതിഥി അവരുടെ വീട്ടിൽ ഭക്ഷണത്തിനുണ്ടായിരുന്നു. അദ്ദേഹം പ്രാർത്ഥനയ്ക്ക് മുൻപേ ഭക്ഷണം കഴിക്കുവാൻ തുടങ്ങിയപ്പോൾ കൊച്ചു ഡോമിനിക് വേദനയോടെ ഭക്ഷണമേശയിൽ നിന്നെഴുന്നേറ്റു പോയി. എന്താണ് കാരണമെന്ന് മാതാപിതാക്കൾ ചോദിച്ചപ്പോൾ പ്രാർത്ഥന ചൊല്ലാതെ മൃഗങ്ങളെപ്പോലെ ഭക്ഷണം കഴിക്കുന്ന ഒരാളോടൊപ്പം ഭക്ഷണം കഴിക്കുവാൻ എനിക്ക് വിഷമമാണ് എന്നായിരുന്നു അവന്റെ മറുപടി. ദൈവവുമായി ആഴമായ ബന്ധമാണ് ഡോമിനിക്കിനുണ്ടായിരുന്നത്. താൻ വിശ്വസിച്ചതെല്ലാം ജീവിക്കുവാൻ അവൻ തയ്യാറായി.ഏഴാമത്തെ വയസ്സിൽ വിശ്വാസസംബന്ധമായ സകല കാര്യങ്ങളും വളരെ വ്യക്തമായി അവൻ പഠിച്ചിരുന്നതിനാൽ ആദ്യകുർബാന സ്വീകരിക്കുന്നതിനുള്ള പ്രത്യേക അനുമതി ലഭിച്ചു. ആദ്യകുർബാന സ്വീകരണസമയത്തിനു മുൻപ് അവൻ ഓടി തന്റെ അമ്മയുടെ അടുക്കലെത്തി.

അടുക്കളയിലായിരുന്ന അമ്മയുടെ മുൻപിൽ മുട്ടുകുത്തി ഇപ്രകാരം അപേക്ഷിച്ചു. 'ഞാനെന്തെങ്കിലും തെറ്റ് അമ്മയോട് ചെയ്തിട്ടുണ്ടെങ്കിൽ, എന്നോട് ക്ഷമിക്കണം. ആദ്യകുർബാന സ്വീകരണത്തിലൂടെ ഈശോയെ

എന്നിലേക്ക് സ്വീകരിക്കുന്നതിന് മുൻപ് എല്ലാ പാപങ്ങളിൽ നിന്നും എനിക്ക് മോചനം നേടണം.' അമ്മയുടെ കണ്ണിൽ നിന്ന് കണ്ണുനീർ ഒഴുകിയിറങ്ങി. കാരണം അവൻ തന്നോട് ഒരു തെറ്റും ചെയ്തിട്ടില്ല. എന്നിട്ടും ഈ കൊച്ചുഹൃദയം ഇത്രമേൽ വിശുദ്ധമാണല്ലോ എന്നോർത്ത് അമ്മ അഭിമാനം കൊണ്ടു. വിശുദ്ധ ബലിക്ക് വളരെ നേരത്തെ ദേവാലയത്തിലെത്തുന്ന ഡോമിനിക്ക് വാതിലുകൾ തുറക്കുന്നതിനു മുൻപേ പുറത്ത് വഴിയിൽ മുട്ടുകുത്തി തന്റെ പ്രാർത്ഥനകൾ എത്തിക്കുമായിരുന്നു. മറ്റൊരു കാര്യം ഡോമിനിക്ക് സാവിയോയുടെ അൾത്താരബാലനാകുവാനുള്ള കൊതിയായിരുന്നു. സംസാരിക്കുവാൻ തുടങ്ങിയ നാൾ മുതൽ തനിക്കൊരു അൾത്താരബാലനാകണമെന്ന ആഗ്രഹം അവൻ മാതാപിതാക്കളുടെ മുൻപിൽ അവതരിപ്പിച്ചു തുടങ്ങിയതാണ്. വൈദികനെ വിശുദ്ധ ബലിയിൽ സഹായിക്കുന്ന നിമിഷങ്ങളിൽ അവൻ മറ്റൊരു ലോകത്തേക്ക് പ്രവേശിക്കുമായിരുന്നു. അവന്റെ ദിവ്യകാരുണ്യനാഥനും അവനും മാത്രമുള്ളൊരു ലോകം. വിശുദ്ധ ബലിമദ്ധ്യേ ഹൃദയം ഉള്ളിൽ നിന്ന് അടർന്നു പോകുന്ന അനുഭവമാണ് തനിക്കുണ്ടായിരുന്നതെന്ന് ഡോമിനിക് സാക്ഷ്യപ്പെടുത്തുന്നുണ്ട്. സ്വർഗം ദർശിക്കുന്നതു പോലെയായിരുന്നു അവന് ദിവ്യബലി. ഭയഭക്തി ആദരവോടെയുള്ള അവന്റെ അൾത്താര ശുശ്രൂഷ ഏവർക്കും പ്രചോദനം നൽകുന്നതായിരുന്നു.

അൾത്താരബാലനാകുവാൻ മറ്റ് കുട്ടികൾ തിരക്കിടുമ്പോൾ നിശബ്ദനായി അവൻ മാറിനിൽക്കുമായിരുന്നു. കണ്ണുകൾ തുറന്ന് അൾത്താരയിലേക്ക് നോക്കി തന്റെ ദിവ്യനാഥന്റെ ആഗമനവും പ്രതീക്ഷിച്ചുകൊണ്ട്. ഡോമിനിക്കിനെ ഇടവകവികാരി ശ്രദ്ധിക്കുവാൻ തുടങ്ങി. ദേവാലയം തുറക്കുന്നതിന് മുൻപ് റോഡിൽ മുട്ടുകുത്തി നിന്ന് പ്രാർത്ഥിക്കുകയും അതീവഭക്തിയോടെ ദിവ്യബലിയിൽ പങ്കെടുക്കുകയും ചെയ്യുന്ന ഈ കൊച്ചുമിടുക്കൻ ഭാവിയിൽ ഒരു വിശുദ്ധനാകുമെന്ന് അദ്ദേഹം അറിഞ്ഞിരുന്നു. ദിവ്യബലിക്കു ശേഷവും ഈശോയെ ഉൾക്കൊണ്ടതിന്റെ സന്തോഷത്തിൽ മണിക്കൂറുകളോളം അവൻ ദേവാലയത്തിൽ ചിലവഴിക്കുമായിരുന്നു. ഈ വികാരിയച്ചനാണ് വളരെ പ്രത്യേകതകളുള്ള ഡോമിനിക്ക് സാവിയോയെക്കുറിച്ച് ഡോൺ ബോസ്കോയോട് സംസാരിക്കുന്നത്. ഡോൺ ബോസ്കോ പറഞ്ഞു :അവനെ എന്റെ അടുക്കൽ കൊണ്ടുവരിക. എനിക്കവനെ ഒന്നു കാണണം. വികാരിയച്ചൻ പെട്ടെന്ന് ഡോമിനിക്കിനോടും അവന്റെ പിതാവിനോടും ഡോൺ ബോസ്കോയെ കാണണമെന്ന് അറിയിച്ചു. ഡോൺ ബോസ്കോയെ കണ്ടപ്പോൾ ഡോമിനിക് പറഞ്ഞു എനിക്ക് ഈശോയെക്കുറിച്ച് കൂടുതൽ അറിയണം. അവിടത്തോട് എനിക്ക് കൂടുതൽ അടുക്കണം. അതിനുള്ള വഴികൾ അങ്ങെനിക്ക് പറഞ്ഞു തരുമോ. ഡോൺ ബോസ്കോ ഒരു പേജുള്ള വിശ്വാസസംബന്ധമായ ചില കാര്യങ്ങൾ എഴുതി അവന് സമ്മാനിച്ചുകൊണ്ട് പറഞ്ഞു ' വീട്ടിൽ പോയി ഇത് മനസിരുത്തി വായിക്കുക. നാളെ വന്ന് നിനക്കെന്താണ് ഇതിൽനിന്ന് മനസിലായതെന്ന് എന്നോട് പറയുക. ശരിയായി ഉത്തരം നൽകുകയാണെങ്കിൽ നിന്നെ എന്നോടൊപ്പം കൊണ്ടുപോകാം.'

പിന്നീട് ഡോൺ ബോസ്കോ അവന്റെ പിതാവിനോട് സംസാരിച്ചു കൊണ്ട് നിന്നപ്പോൾ ഡോമിനിക്ക് അൽപം മാറിനിന്ന് ആ പേപ്പർ വായിച്ചു. കുറച്ചു കഴിഞ്ഞ് തിരികെ വന്ന് ആ ഭാഗം കാണാതെ പഠിച്ചത് ചൊല്ലിക്കേൾപ്പിക്കുകയും അതിന്റെ അർത്ഥം മനോഹരമായി വിവരിക്കുകയും ചെയ്തു. അദ്ഭുതപ്പെട്ടുപോയ ഡോൺ ബോസ്കോ പറഞ്ഞു 'നാളെ നീ എന്നോടൊപ്പം പോരുക.' വീട്ടിൽ നിന്ന് വിടപറയുക അത്ര എളുപ്പമുള്ള കാര്യമയിരുന്നില്ല. ഇരുപതോളം കിലോമീറ്ററുകൾ അകലെ ടൊറീനോയിലായിരുന്നു ഡോൺ ബോസ്കോയുടെ ഭവനം. അവന്റെ മാതാപിതാക്കൾക്ക് വളരെ വേദന നൽകിയ കാര്യമായിരുന്നു ഈ വേർപാട്. എങ്കിലും ഡോമിനിക്കിന്റെ വാക്കുകൾ അവരെ ആശ്വസിപ്പിച്ചു. അവൻ പറഞ്ഞു 'അമ്മേ ഞാൻ കരയുന്നില്ല. കാരണം എന്റെ ഈശോയുടെ അടുക്കലേക്കാണല്ലോ ഞാൻ പോകുന്നത്.' വിശുദ്ധരാണ് വിശുദ്ധർക്ക് ജന്മം നൽകുന്നത് എന്നത് എത്രയോ സത്യമാണ്. മൊറിയാൾഡോയിൽ നിന്ന് ഡോമിനിക്ക് പോയതിനു ശേഷം അവന്റെ മാതാപിതാക്കളും അവിടെ നിന്ന് മുണ്ടോഞ്ഞോ എന്നു പേരുള്ള ഏകദേശം മൂന്നു കിലോമീറ്റർ അകലെയുള്ള മറ്റൊരു സ്ഥലത്തേക്ക് താമസം മാറി. തന്റെ പതിനഞ്ചാമത്തെ വയസ്സിൽ മരണസമയത്ത് ഡോമിനിക്ക് അവിടെയായിരുന്നു.

1854 ഒക്ടോബർ മാസത്തിൽ ടൂറിനിലെ ഫ്രാൻസിസ് സാലസിന്റെ ഓറട്ടറിയിൽ ഡോമിനിക്കും പഠനത്തിനായി ചേർന്നു. മുറിവേറ്റ യുവജനങ്ങളായിരുന്നു അവിടെയുണ്ടായിരുന്നത്. കുറ്റകൃത്യങ്ങളിൽപ്പെട്ടവരും സമൂഹത്തിൽ നിന്ന് തിക്താനുഭവങ്ങൾ ഏറ്റെടുക്കേണ്ടി വന്നവരും അനാഥരുമടങ്ങുന്ന വലിയൊരു സമൂഹം. ഒരിക്കൽ രണ്ടു കുട്ടികൾ വഴക്കടിക്കുകയായിരുന്നു. പരസ്പരം കല്ലെറിയാൻ തയ്യാറെടുക്കുന്ന അവരുടെ മുൻപിലേക്ക് തന്റെ കഴുത്തിലണിഞ്ഞ ക്രൂശിതരൂപവുമായി

ഡോമിനിക്ക് ഓടിയെത്തി. ഇതിലേക്ക് നോക്കൂ,നമ്മുടെ പാപങ്ങൾക്ക് വേണ്ടിയാണ് അവിടുന്ന് ബലിയായത്. വീണ്ടും നാം പാപം ചെയ്യുമ്പോൾ അവിടുന്ന് അതിയായി വേദനിക്കുന്നു. ഇനി കല്ലെറിയണമെങ്കിൽ അതെനിക്ക് നേരെയാവാം. വഴക്ക് അവിടം കൊണ്ടവസാനിക്കുമല്ലോ. പെട്ടെന്ന് അവർ ശാന്തരായി. ഡോമിനിക്ക് അവരുടെ സുഹൃത്തായിരുന്നതിനാൽ കല്ലെറിയാൻ അവർ മടിച്ചു. ഒരു കുട്ടി പറഞ്ഞു. എനിക്ക് നിന്നോട് വിഷമമൊന്നുമില്ലല്ലോ. മാത്രവുമല്ല നിന്നെ ആരെങ്കിലും ഉപദ്രവിച്ചാൽ ഞാൻ നിന്നെ സംരക്ഷിക്കും. മറ്റേ കുട്ടിയുടെ നേരെ തിരിഞ്ഞപ്പോൾ അവനും കല്ലെറിയാൻ വിസമ്മതിച്ചു. ഡോമിനിക്ക് തന്റെ വാദമുഖങ്ങൾ നിരത്തി. വെറുമൊരു സൃഷ്ടിയായ, പാപിയായ എന്നെ സംരക്ഷിക്കുവാൻ വലിയ ത്യാഗങ്ങൾ സഹിക്കുവാൻ നിങ്ങൾ തയ്യാറായിരിക്കുന്നു. എന്നാൽ അതിലും എത്രയോ വലുതാണ് നിങ്ങളുടെ ആത്മാക്കൾ. അതിനെ സംരക്ഷിക്കുവാൻ നിങ്ങൾ തയ്യാറല്ലാത്തതെന്തുകൊണ്ട്? രക്ഷകൻ നിങ്ങൾക്കു വേണ്ടി രക്തം ചിന്തി നേടിയെടുത്തതാണ് ആ ആത്മാവിനെ.

അവസാനം അവർ തങ്ങളുടെ തെറ്റ് തിരിച്ചറിഞ്ഞു. കുമ്പസാരിക്കുവാൻ ഒരു വൈദികനെ കണ്ടെത്തിയതിന് ശേഷമാണ് ഡോമിനിക്കിന് സമാധാനമായത്. ഇക്കാര്യം അവൻ ആരോടും പറഞ്ഞില്ല. ഈ രണ്ടു കുട്ടികളും ലോകത്തോട് പ്രസ്തുത സംഭവം വിളിച്ചു പറഞ്ഞില്ലായിരുന്നുവെങ്കിൽ ഇതാരും അറിയുകയുമില്ലായിരുന്നു. ആദ്യത്തെ വർഷം പഠനത്തിൽ ഒന്നാമനായിരുന്നുവെങ്കിലും മോശമായ ആരോഗ്യസ്ഥിതി മൂലം വ്യക്തിപരമായി അവനെ പഠിപ്പിക്കേ ണ്ട സ്ഥിതി വന്നു. ഓറട്ടോറിയിൽ പ്രവേശിച്ചതിനുശേഷം ഡോൺ ബോസ്കോ നിരന്തരം കുട്ടികളെ വിശുദ്ധിയിലേക്ക് ക്ഷണിക്കുന്നത് അവൻ കാണുമായിരുന്നു. ഡോൺ ബോസ്കോയുടെ പ്രസംഗങ്ങളിൽ അവനെ വല്ലാതെ ആകർഷിച്ച ചില കാര്യങ്ങളുണ്ടായിരുന്നു. ഒന്നാമത്, നാമെല്ലാം വിശുദ്ധരാകണമെന്നതാണ് ദൈവത്തിന്റെ തിരുഹിതം. രണ്ടാമത്, വിശുദ്ധനാകുക എന്നത് ദുഷ്കരമായൊരു കാര്യമല്ല. മൂന്നാമത്, വിശുദ്ധരാകുന്നവർക്ക് സ്വർഗത്തിൽ വലിയ പ്രതിഫലമാണ് ഒരുക്കപ്പെട്ടിരിക്കുന്നത്. ഡോമിനിക്ക് ഇതു കേട്ടപ്പോൾ നിശബ്ദനായി. ഡോൺ ബോസ്കോ ചോദിച്ചു. 'എന്തു പറ്റി?.' കണ്ണുനീരോടെ അവൻ പറഞ്ഞു 'ഒരു വിശുദ്ധനാവുക ദുഷ്കരമാണെന്നാണ് ഞാനിന്നു വരെ വിചാരിച്ചിരുന്നത്. അത്രമേൽ എളുപ്പമാണെങ്കിൽ രാവും പകലും എനിക്കതിനായി പരിശ്രമിക്കണം.' ഡോൺ ബോസ്കോ പറഞ്ഞു ഞാൻ നിനക്കൊരു സമ്മാനം തരുന്നുണ്ട്. എന്നാൽ ഡോമിനിക്കിന്റെ മറുപടി ഇപ്രകാരമായിരുന്നു. എനിക്ക് തരുവാൻ അങ്ങേയ്ക്ക് സാധിക്കുന്ന ഏറ്റവും വലിയ സമ്മാനം എന്നെ ഒരു വിശുദ്ധനാക്കുക എന്നത് മാത്രമാണ്. ഒരു വിശുദ്ധനാകുന്നില്ലെങ്കിൽ എന്റെ ജീവിതമൊരു പരാജയമാകും. മറ്റെന്തു നേടിയിട്ടും കാര്യമില്ല. ദൈവം ഞാനൊരു വിശുദ്ധനാകണമെന്നാണ് ആഗ്രഹിക്കുന്നതെങ്കിൽ ഞാൻ അപ്രകാരം ആയിത്തീരണം. അല്ലെങ്കിൽ എനിക്ക് ദുരിതം. ഇത് പറഞ്ഞ് അവൻ പൊട്ടിക്കരഞ്ഞു.

പരിശുദ്ധ അമ്മയോടുള്ള അവന്റെ ഭക്തിയും അസാധാരണമായിരുന്നു. വിശുദ്ധ ബലിക്ക് മുൻപും പിൻപും മണിക്കൂറുകളോളം അവൻ ദിവ്യമാതാവിന്റെ സ്വരൂപത്തിന് മുൻപിൽ നിശ്ചലനായി പ്രാർത്ഥനയിൽ ചെലവഴിക്കുമായിരുന്നു. 1854ൽ പരിശുദ്ധ ദൈവമാതാവിന്റെ അമലോത്ഭവ തിരുനാൾ അടുത്തുവന്നു. ഡോൺ ബോസ്കോ തന്റെ കുട്ടികളോട് ഈ തിരുനാളിനുവേണ്ടി പ്രത്യേകം ഒരുങ്ങുവാൻ ആവശ്യപ്പെട്ടു. തങ്ങൾക്കേറ്റവും ആവശ്യമുള്ള അനുഗ്രഹങ്ങൾ ചോദിക്കുവാൻ അദ്ദേഹം കുട്ടികളെ ഒരുക്കി. പരിശുദ്ധ അമ്മയുടെ സംരക്ഷണവും സഹായവും എല്ലാ മേഖലകളിലുമുണ്ടാവുമെന്ന ഉറപ്പും നൽകി. തന്റെ സ്വർഗീയ മാതാവിനു വേണ്ടി പ്രത്യേകമായ ചില കാര്യങ്ങൾ ആരംഭിക്കുവാൻ ഡോമിനിക്ക് ആഗ്രഹിച്ചു. പിന്നീട് സാധിച്ചില്ലെങ്കിലോ. അവന്റെ മരണത്തിന് ഒൻപത് മാസങ്ങൾ മുൻപായിരുന്നു അത്. ഒരു പ്രത്യേക നൊവേന ആരംഭിക്കുക. ഒൻപത് സുകൃതങ്ങൾ അവൻ പല പേപ്പറുകളിലായി എഴുതി. അമ്മയ്ക്ക് സമ്മാനമായി ഓരോ ദിവസവും ഓരോന്ന്. എല്ലാ പാപങ്ങളും ഏറ്റുപറഞ്ഞ്, കുമ്പസാരിച്ച് വിശുദ്ധ കുർബാന സ്വീകരിച്ചു. അവസാനം പരിശുദ്ധ ദൈവമാതാവിന്റെ തിരുസ്വരൂപത്തിന് മുൻപിൽ മുട്ടുകുത്തി അവൻ പ്രാർത്ഥിച്ചു. എന്റെ ഹൃദയം ഞാൻ അങ്ങേയ്ക്ക് തരുന്നു. എല്ലായ്പ്പോഴും ഇത് അങ്ങയുടേതായിരിക്കട്ടെ. ഈശോയും പരിശുദ്ധ അമ്മയും എപ്പോഴും എന്റെ സുഹൃത്തുക്കളായിരിക്കട്ടെ. പാപം ചെയ്യുന്നതിനേക്കാൾ മരിക്കുവാൻ എന്നെ അനുവദിക്കണമേയെന്ന് ഞാൻ വിനയപൂർവം യാചിക്കുന്നു.

കൂട്ടുകാരുടെയിടയിൽ മഹനീയ സ്ഥാനമാണ് ഡോമിനിക്കിനുണ്ടായിരുന്നത്. അത് മുതലെടുത്ത് കുട്ടികളെ ദൈവമാതാവിനോടുള്ള ഭക്തിയിൽ വളർത്തുന്നതിന് അമലോത്ഭവസഖ്യം എന്ന ഒരു സംഘടന തന്നെ

അവൻ രൂപീകരിച്ചിരുന്നു. അവരുടെ ജീവിത കാലത്തും മരണസമയത്തും പരിശുദ്ധ ദൈവമാതാവിന്റെ സഹായം തേടുകയായിരുന്നു ലക്ഷ്യം. ഈ സംഘടനയിലെ അംഗങ്ങളാണ് ഓറട്ടോറിയിലെ ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങി പ്രാർത്ഥനാ ശുശ്രൂഷകൾ വരെ സകല കാര്യങ്ങളിലും നേതൃത്വം നൽകിയിരുന്നത്. ഇതിൽ അംഗങ്ങളാകുവാൻ കുട്ടികൾ കൊതിച്ചിരുന്നു. പ്രാർത്ഥനകളും പ്രായശ്ചിത്തങ്ങളും ചെറിയ ത്യാഗ പ്രവൃത്തികളും എന്നു വേണ്ട, തന്റെ സകല സഹനങ്ങളും ഈ കൂട്ടുകാർക്കുവേണ്ടി ഡോമിനിക്ക് സാവിയോ കാഴ്ചവയ്ക്കുമായിരുന്നു. ആരുമില്ലാത്തവരെ സ്നേഹിക്കുന്ന ദൈവത്തെ ഓറട്ടോറിയിലെ കുട്ടികൾ കണ്ടെത്തിയത് ഡോമിനിക്കിന്റെ ജീവിതത്തിലൂടെയും വാക്കുകളിലൂടെയുമാണ്. സ്കൂളുകളിൽ പോലും അശുദ്ധിയും ദുഷ്ടതയും കളിയാടുന്ന ഇക്കാലഘട്ടത്തിൽ, അപമാനത്തിന്റെയും നിന്ദനത്തിന്റെയും പേരിൽ രാജ്യങ്ങളിൽ നിന്ന് ദൈവത്തിന്റെ നാമം പോലും പടിയിറങ്ങുമ്പോൾ, വിശുദ്ധി കാത്തുസൂക്ഷിക്കുവാൻ ആരും തയ്യാറാകാത്ത ഈ സമയങ്ങളിൽ നാം ഡോമിനിക് സാവിയോയോട് പ്രാർത്ഥിക്കണം. പതിനഞ്ചാമത്തെ വയസ്സിൽ വിശുദ്ധനായിത്തീർന്നവൻ.വർഷങ്ങൾ എത്രയനുവദിച്ചിട്ടും നാമാരും വിശുദ്ധരാകാത്തതെന്തേ?.

ദൈവത്തിന് നമ്മെക്കുറിച്ചുള്ള ഒരേ ഒരു ഹിതം നാം വിശുദ്ധരാകണമെന്നതാണ്. ശുദ്ധതയ്ക്കെതിരായി ഒരു പാപം ചെയ്യുവാൻ എന്നെ വിട്ടുകൊടുക്കുന്നതിനേക്കാൾ മുൻപ് എന്റെ ആത്മാവിനെ സ്വർഗത്തിലേക്ക് വിളിക്കണേ എന്ന് അവൻ അനുദിനം പ്രാർത്ഥിക്കുമായിരുന്നു. പാപത്തിന്റെ സന്തോഷം തേടി ഓടിനടക്കുന്ന ആധുനികയുഗത്തിന്റെ യുവതലമുറയ്ക്ക് ഡോമിനിക്ക് സാവിയോ ഒരു വെല്ലുവിളിയാണ്. യുവജനങ്ങളെ പാപത്തിലേക്ക് വലിച്ചിഴക്കുന്നതിനായി ഉറങ്ങാതെ പ്രവർത്തിക്കുന്ന സാത്താന്റെ കുടിലതന്ത്രങ്ങളെ നാം തിരിച്ചറിയണം. ആത്മാക്കളുടെ നിത്യ നാശമാണ് അവന്റെ ലക്ഷ്യം. ഭൂമിയിൽ അൽപം ജഡിക സന്തോഷം തരുന്ന പിശാച് നിത്യകാലത്തേക്ക് നമ്മെ ചതിക്കും. ടൂറിൻ നഗരം ഇന്നത്തേതിനേക്കാൾ അധപതിച്ച ഒരു കാലത്താണ് വിശുദ്ധ ഡോൺ ബോസ്കോയുടേയും ഡോമിനിക്ക് സാവിയോയുടേയും ജീവിതവും പ്രവർത്തനവും അനേകർക്ക് പ്രചോദനമായത്. സാധ്യമല്ലെന്ന് പറഞ്ഞ് ഒഴിഞ്ഞുമാറാൻ നമുക്കാവില്ല. വിശുദ്ധരാകുക എന്നതു മാത്രമാണ് വിശുദ്ധരെ സൃഷ്ടിക്കുന്നതിനുള്ള ഏകമാർഗം. സ്വർഗത്തിലേക്ക് പോകുവാനുള്ള വഴികൾ ഡോൺ ബോസ്കോ കുട്ടികൾക്ക് പറഞ്ഞു കൊടുത്തത് ഇപ്രകാരമാണ്. പതിവായി കുമ്പസാരിക്കുക, ദിവ്യകാരുണ്യം സ്വീകരിക്കുക, സാധ്യമെങ്കിൽ ഒരു കുമ്പസാരകനെ നിശ്ചയിച്ച് അദ്ദേഹത്തിന്റെ പക്കൽ ഹൃദയം തുറക്കുക. കുമ്പസാരകനെ ഇടയ്ക്കിടക്ക് മാറ്റുന്നതിനെക്കാൾ നമ്മുടെ ആത്മാവിന്റെ തുടരുന്ന അവസ്ഥ സ്ഥിരമായിട്ടുള്ള നമ്മുടെ കുമ്പസാരകന് മനസിലാക്കാനാവും. ഡോമിനിക്കിന് കുമ്പസാരത്തോടും വിശുദ്ധ കുർബാനയോടും സ്നേഹം തോന്നിയത് അങ്ങനെയാണ്. ഡോമിനിക്ക് ആത്മീയ ജീവിതത്തിൽ അനുദിനം വരുത്തുന്ന പുരോഗതി കണക്കിലെടുത്ത് എല്ലാ ദിവസവും ദിവ്യകാരുണ്യം സ്വീകരിക്കുവാൻ അവന്റെ കുമ്പസാരകൻ അനുവാദം നൽകി. വളരെ വിരളമായി നൽകപ്പെട്ടിരുന്ന അനുവാദമായിരുന്നു അക്കാലത്ത് അത്.

അനുദിനം കുമ്പസാരിക്കുകയും കുർബാന സ്വീകരിക്കുകയും ചെയ്യുക വഴി, മാരകപാപത്തിൽ വീഴാതിരിക്കുന്നതിനും ലഘുപാപങ്ങൾ പോലും ഒഴിവാക്കുന്നതിനുമുള്ള കൃപാവരം ദിവ്യനാഥൻ നമുക്ക് നൽകും. ദിവ്യകാരുണ്യത്തിന് മുൻപിൽ മുട്ടുകുത്തി ഡോമിനിക്ക് പ്രാർത്ഥിക്കുന്നത് ഇപ്രകാരമാണ് 'മറ്റെവിടെയാണ് എനിക്ക് സന്തോഷം കണ്ടെത്താനാവുക. ഇന്നു ഞാൻ വിശ്വാസത്തോടെ കാണുകയും ആരാധിക്കുകയും ചെയ്യുന്ന അങ്ങയെ മുഖാമുഖം കണ്ട് സ്നേഹിക്കുവാനും ആരാധിക്കുവാനും സാധിക്കുന്ന ആ സ്വർഗീയ സൗഭാഗ്യത്തിലല്ലാതെ.' മറ്റു കുട്ടികളെക്കൂടി ദേവാലയത്തിൽ കൊണ്ടുവരുവാനും പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്നതിനും ഡോമിനിക്ക് അതിയായ ശ്രദ്ധ കാണിച്ചിരുന്നു. ഈശോയുടെ മുൾമുടിയണിഞ്ഞ ശ്രൂപത്തോട് ഹൃദയം ചേർത്ത് വച്ച് ലോകം മുഴുവനും അവിടത്തേയ്ക്കെതിരായി ചെയ്യുന്ന പാപങ്ങളെയോർത്ത് അവൻ പരിഹാരപ്രാർഥനകൾ നടത്തുമായിരുന്നു. സഭാവിരോധികൾക്കും നശിക്കുന്ന ആത്മാക്കൾക്കും വേണ്ടി തന്റെ രോഗങ്ങളും ത്യാഗപ്രവൃത്തികളും അവൻ കാഴ്ചവച്ചു. ഡോമിനിക്ക് അതീവസന്തോഷവാനായ ഒരു വ്യക്തിയായിരുന്നു. ദിവ്യകാരുണ്യം അവന് നൽകിയിരുന്ന സന്തോഷം മറ്റൊന്നും നൽകിയിരുന്നില്ല. വിശുദ്ധ കുർബാനയുമായി ഏതെങ്കിലും വൈദികൻ പോകുന്നത് കണ്ടാൽ അപ്പോൾതന്നെ എവിടെയാണെങ്കിലും അവൻ മുട്ടിൻമേൽ നിൽക്കുമായിരുന്നു. സാധിക്കുന്നിടത്തോളം ആ വൈദികനെ അനുഗമിക്കുകയും ചെയ്യും. ഒരു ദിവസം മഴപെയ്ത് വഴി മുഴുവൻ വെള്ളവും ചെളിയുമായ സമയമായിരുന്നു. ഒരു വൈദികൻ വിശുദ്ധ കുർബാനയുമായി വരുന്നത് അവൻ കണ്ടു. പെട്ടെന്ന് അവൻ ആ ചെളിവെള്ളത്തിൽ മുട്ടുകുത്തി.

കൂട്ടുകാർ അവനെ കളിയാക്കിപ്പറഞ്ഞു. 'നിന്റെ വസ്ത്രങ്ങൾ അഴുക്കാക്കണമെന്ന് ഈശോ ഒരിക്കലും ആഗ്രഹിക്കുന്നില്ല. ഡോമിനിക്ക് 'മറുപടി പറഞ്ഞു 'എന്റെ കാൽമുട്ടുകളും വസ്ത്രവും യേശുവിന്റേതാണ്. അവ ദൈവത്തെ സേവിക്കണം. ഈ ക്ഷുദാശ എനിക്ക് നൽകിയ നാഥന്റെ സ്നേഹം യഥാർത്ഥത്തിൽ എനിക്ക് കാണുവാൻ സാധിച്ചാൽ അവനുവേണ്ടി കത്തുന്ന തീച്ചൂളയിലേക്ക് എടുത്തുചാടുവാനും ഞാൻ തയ്യാറാണ്.

ഒരിക്കൽ ഡോൺ ബോസ്കോ അദ്ഭുതകരമായ ഒരു കാര്യം ദർശിച്ചു. വിശുദ്ധ കുർബാന സ്വീകരണത്തിനു ശേഷം ഡോമിനിക്ക് സാവിയോ ആരോടോ സംസാരിക്കുകയും മറുപടിക്കായി കാത്തുനിൽക്കുകയും ചെയ്യുന്നു. അടുക്കലെങ്ങും ആരുമില്ല. എല്ലാം കേൾക്കുവാൻ സാധിച്ചില്ലെങ്കിലും ഡോൺ ബോസ്കോ ഈ വാക്കുകൾ വ്യക്തമായി കേട്ടു 'ദൈവമേ, വീണ്ടും ഞാൻ പറയുന്നു'. ഞാനങ്ങയെ സ്നേഹിക്കുന്നു. ഞാനൊരു പാപം ചെയ്യുന്നതിനു മുൻപേ എന്നെ സ്വർഗത്തിലേക്ക് വിളിക്കണേ എന്നൊരു പ്രാർത്ഥന മാത്രമേ എനിക്കുള്ളൂ. ഒരു ദിവസം ഡോമിനിക്ക് വീട്ടിൽ പോകുവാനുള്ള അനുവാദം ചോദിച്ചു. തന്റെ അമ്മയ്ക്ക് അസുഖമാണെന്നും പരിശുദ്ധ മാതാവ് തന്റെ അമ്മയെ സുഖപ്പെടുത്താനാഗ്രഹിക്കുന്നുവെന്നുമായിരുന്നു ഡോമിനിക്ക് പറഞ്ഞത്. മുണ്ടാഞ്ഞോയിലെത്തിയപ്പോൾ അവന്റെ അമ്മ അതീവ ഗുരുതരമായി രോഗിണിയായിരുന്നു. വൈദ്യൻമാരെല്ലാം പ്രതീക്ഷ നഷ്ടപ്പെട്ട അവസ്ഥയിൽ. അമ്മയുടെ മുറിയിൽ ഓടിയെത്തി പച്ചനിറത്തിലുള്ള ഒരു ടൗവാല അമ്മയുടെ ശരീരത്തിൽ വച്ചതിനു ശേഷം സുഖമായിരിക്കുക എന്നു പറഞ്ഞ് അവൻ യാത്രയായി. ഈ പച്ചനിറത്തിലുള്ള ടൗവാലയിലൂടെ അവൾ സുഖം പ്രാപിച്ചുവെന്ന വാർത്തയാണ് പിന്നീട് കേട്ടത്. പരിശുദ്ധ അമ്മ നേരിട്ടെത്തി ഡോമിനിക്കിന്റെ അമ്മയെ സുഖപ്പെടുത്തുകയായിരുന്നു. പിന്നീട് ഈ ടൗവാല അവന് തിരികെ കൊടുക്കുവാൻ ശ്രമിച്ചപ്പോൾ അത് വീട്ടിൽ സൂക്ഷിച്ചുകൊള്ളുവാനും രോഗികളായ അനേകർക്ക് അത് സൗഖ്യത്തിന് കാരണമാകുമെന്നും അവൻ പറയുകയുണ്ടായി.

1856 ഏപ്രിൽ മാസത്തിൽ, മേയ് മാസം മുഴുവൻ വിശുദ്ധി കാത്തുസൂക്ഷിക്കുവാൻ താനെന്താണ് ചെയ്യേണ്ടതെന്ന് അവൻ ഡോൺ ബോസ്കോയോട് ചോദിച്ചു. സന്തോഷത്തോടെ കർത്തവ്യങ്ങൾ അനുഷ്ഠിക്കാനും മറ്റുള്ളവരോട് പരിശുദ്ധ അമ്മയെക്കുറിച്ച് പറയുവാനും എല്ലാ ദിവസവും ദിവ്യകാരുണ്യം സ്വീകരിക്കത്തക്കവിധം ഹൃദയശുദ്ധി കാത്തുസൂക്ഷിക്കുവാനും അദ്ദേഹം ഡോമിനിക്ക് സാവിയോയോട് ആവശ്യപ്പെട്ടു. പരിശുദ്ധ അമ്മയോട് താനെന്താണ് ചോദിക്കേ ണ്ടതെന്ന് ചോദിച്ചപ്പോൾ ഒരു വിശുദ്ധനാകുവാനുള്ള കൃപ ചോദിക്കുവാനും ഡോൺ ബോസ്കോ പറഞ്ഞു. മരണസമയത്ത് ദൈവസന്നിധിയിലേക്ക് അവനെ കൂട്ടിക്കൊണ്ട് പോകുവാനും മരിക്കുന്നതുവരെ വിശുദ്ധി കാത്തുസൂക്ഷിക്കുവാൻ സഹായിക്കുവാനും അമ്മയോട് പ്രാർത്ഥിക്കുവാൻ നിർദേശിച്ചു. ഡോമിനിക്കിന്റെ ആരോഗ്യം മോശമായപ്പോൾ അവന്റെ മരണം അടുത്തുവെന്ന് ഡോൺ ബോസ്കോ അറിഞ്ഞു. സ്വന്തം ഭവനത്തിലേക്ക് അവനെ തിരിച്ചയയ്ക്കുവാൻ അദ്ദേഹം തയ്യാറായത് വളരെ വേദനയോടെയായിരുന്നു. ആരോഗ്യത്തിൽ എന്തെങ്കിലും പുരോഗതിയുണ്ടാവണമെങ്കിൽ അദ്ദേഹത്തിന് മുൻപിൽ ഈ വഴി മാത്രമേ ഉണ്ടായിരുന്നുള്ളൂ. കുറച്ച് ദിവസം കഴിഞ്ഞപ്പോൾ അവൻ രോഗം ഭേദമായി ഓററ്റോറിയിൽ മടങ്ങിയെത്തി.

രോഗിയായിരിക്കുമ്പോഴും സാധിക്കുമ്പോഴൊക്കെ അവൻ ക്ലാസുകളിൽ പങ്കെടുക്കുകയും മറ്റ് രോഗികളായവരെ പരിചരിക്കുകയും ഒക്കെ ചെയ്തിരുന്നു. മറ്റുള്ളവരുടെ വേദനയിൽ പങ്കുചേരുക അവന് സന്തോഷമുള്ള കാര്യമായിരുന്നു. എന്നാൽ വൈദ്യന്മാർ അവനെ വീട്ടിലെത്തിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ മറ്റു കുട്ടികളുടെ സംരക്ഷണം കൂടി പരിഗണിച്ച് ഡോൺ ബോസ്കോ അതിന് സമ്മതം മൂളി. തന്നെ എന്തിനാണ് തിരിച്ചയയ്ക്കുന്നതെന്ന് ഡോമിനിക്ക് ചോദിച്ചപ്പോൾ, മാതാപിതാക്കളോടൊപ്പം ആയിരിക്കുവാൻ താൽപര്യമില്ലേ എന്നുള്ള ഡോൺ ബോസ്കോയുടെ മറുചോദ്യമായിരുന്നു ലഭിച്ചത്. അപ്പോൾ ഡോമിനിക്ക് സാവിയോ പറഞ്ഞു 'എനിക്ക് ഈ ഓററ്റോറിയിൽ എന്റെ ജീവിതം അവസാനിപ്പിക്കുന്നതാണ് ഇഷ്ടം. രോഗം ഭേദമായാൽ തിരികെ വരാം എന്നുള്ള ഡോൺ ബോസ്കോയുടെ നിർദേശത്തോട് അവൻ ഇപ്രകാരം പ്രതികരിച്ചു ഇല്ല ഫാദർ, ഞാൻ തിരികെ പൊയ്ക്കൊള്ളാം. ഇനിയൊരിക്കലും ഇവിടേയ്ക്ക് മടങ്ങി വരില്ല. അവസാനം ഡോൺ ബോസ്കോയോട് വിട പറയുവാൻ സമയമായി. അതൊരു വലിയ യാത്രയായിരുന്നില്ല. കുറച്ച് ദിവസങ്ങൾക്ക് ശേഷം ഈ ഭൂമിയിലെ സംഭവങ്ങൾക്കെല്ലാം ഡോമിനിക്ക് വിരാമമിട്ടു. 'നല്ലൊരു മരണം ലഭിക്കാൻ എനിക്കുവേണ്ടി

പ്രാർത്ഥിക്കണം. നാം സ്വർഗത്തിൽ കണ്ടുമുട്ടും.' ഇതായിരുന്നു അവന്റെ വാക്കുകൾ. എല്ലാ കൂട്ടുകാരോടും സ്വർഗത്തിൽ കാണാമെന്ന വാഗ്ദാനം നൽകി. അവസാന ആഗ്രഹം ചോദിച്ചപ്പോൾ, പരിശുദ്ധ പിതാവ് ഡോൺ ബോസ്കോയ്ക്ക് മറ്റുള്ളവരുടെ മരണസമയത്ത് ദണ്ഡവിമോചനം നൽകുവാനുള്ള അധികാരം നൽകിയിരിക്കുന്നതിനെ ഡോമിനിക്ക് ഓർമ്മിപ്പിച്ചു. അവരിൽ ഒരാളായി തന്നെയും പരിഗണിക്കണമെന്നായിരുന്നു അവന്റെ ആഗ്രഹം.

മൂന്നു വർഷം തന്റെ ആത്മീയ ജീവിതം കരുപ്പിടിപ്പിച്ച് ഈ ഭവനം വിട്ട് അവൻ സ്വന്തഭവനത്തിലേക്ക് യാത്രയായി. അടുത്ത ദിവസങ്ങൾ അവൻ രോഗശയ്യയിലായിരുന്നു. ഒരു ദിവസം അവൻ തന്റെ പിതാവിനോട് കുമ്പസാരിക്കുന്നതിനും ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനുമുള്ള അവസരം ഒരുക്കണമെന്ന് ആവശ്യപ്പെട്ടു. ദിവ്യകാരുണ്യം സ്വീകരിച്ചപ്പോൾ അവന്റെ അധരങ്ങൾ മന്ത്രിച്ചു 'ഈശോയേ പരിശുദ്ധ അമ്മേ, നിങ്ങൾ എപ്പോഴും എന്റെ സുഹൃത്തുക്കളായിരിക്കണമേ. ഈ മരണസമയത്തും ഉറച്ച ബോധ്യത്തോടെ ഞാൻ പറയുന്നു. പാപം ചെയ്യുന്നതിനേക്കാൾ മരിക്കുവാനാണ് എനിക്കിഷ്ടം'. പിന്നീട് അവൻ പറഞ്ഞു. 'ഞാനിപ്പോൾ സന്തോഷവാനാണ്. എന്റെ സ്വർഗത്തിലേക്കുള്ള യാത്രയിൽ എനിക്ക് തുണയായി ദിവ്യകാരുണ്യനാഥനുണ്ടല്ലോ'. ഈശോ നമ്മുടെ സുഹൃത്താണെങ്കിൽ ഒന്നിനെയും നിങ്ങൾക്ക് ഭയക്കേണ്ടതില്ല, മരണത്തെപ്പോലും. നാലു ദിവസങ്ങൾക്ക് ശേഷം രോഗീലേപനത്തിനായി വൈദികനെ വിളിക്കുവാൻ ഡോമിനിക്ക് ആവശ്യപ്പെട്ടു. വീട്ടുകാർ ആദ്യം വിസമ്മതിച്ചുവെങ്കിലും പിന്നീട് സമ്മതിച്ചു. അവസാനത്തെ അവന്റെ പ്രാർത്ഥന ഇപ്രകാരമായിരുന്നു. 'ഈശോയെ ഞാനങ്ങയെ സ്നേഹിക്കുന്നു. ജീവിതകാലവും നിത്യവും അങ്ങയെ സ്നേഹിക്കുവാൻ മാത്രമേ ഞാനാഗ്രഹിക്കുന്നുള്ളൂ. എന്റെ ശരീരവും മനസും ചിന്തയും പ്രവൃത്തിയും വാക്കുകളും കാഴ്ചയും കേൾവിയും വഴി ഞാൻ ചെയ്തുപോയ സകല പാപങ്ങളും ഈ കൂദാശ നിർവീര്യമാക്കട്ടെ. അങ്ങയുടെ പീഡാസഹനത്തിന്റെ യോഗ്യതകൾ എന്നെ വിശുദ്ധീകരിക്കട്ടെ. ആമ്മേൻ'. മനസ്താപപ്രകരണം സ്വന്തമായി അവൻ പ്രാർത്ഥിച്ചു. എല്ലാ പ്രാർത്ഥനകൾക്കും മറുപടി ചൊല്ലി, ദണ്ഡ വിമോചനവും ആശീർവാദവും യാതൊരു ഭയവുമില്ലാതെ അവൻ വൈദികനിൽ നിന്ന് വാങ്ങി. ക്രൂശിത രൂപം മാറോട് ചേർത്ത് പിടിച്ച് അവൻ തനിക്കേറ്റവും ഇഷ്ടമുള്ള പ്രാർത്ഥനകൾ ചെറിയ ശബ്ദത്തിൽ ചൊല്ലിക്കൊണ്ടിരുന്നു. ദൈവമേ അങ്ങേയ്ക്ക് നന്ദി. എന്റെ സ്വാതന്ത്ര്യം ഞാനങ്ങേയ്ക്ക് കാഴ്ചവയ്ക്കുന്നു. എനിക്കുള്ളതെല്ലാം അങ്ങയുടേതാണ്. എന്നെ അങ്ങയുടെ സ്വന്തമായി സ്വീകരിക്കണമേ. അങ്ങയുടെ ഹിതം നിറവേറട്ടെ.

1857 മാർച്ച് ഒൻപതാം തിയതി ഡോമിനിക്കിന്റെ മരണസമയമെത്തിയത് ആരും അറിഞ്ഞില്ല. അത്രമേൽ സന്തോഷപ്രദവും സമാധാനപൂർണവുമായിരുന്നു അവന്റെ മുഖം. ശ്വാസോച്ഛ്വാസം നടത്തുവാൻ അവൻ വിഷമിച്ചപ്പോൾ വൈദികനോട് തന്നെ ആശ്വസിപ്പിക്കുവാൻ എന്തെങ്കിലും പറയുവാൻ അവൻ ആവശ്യപ്പെട്ടു. ഈശോയുടെ പീഡകളെ ഓർമ്മിക്കുവാൻ അദ്ദേഹം പറഞ്ഞു. ഡോമിനിക്കിന്റെ വാക്കുകൾ ഇപ്രകാരമായിരുന്നു. 'അവിടത്തെ പീഡകളെ ഞാനോർമ്മിക്കുന്നു. അതെന്റെ ഹൃദയത്തിലും അധരത്തിലും എപ്പോഴുമുണ്ടായിരിക്കും. ഈശോ, മറിയം, യൗസേപ്പേ എന്റെ ആത്മാവിനെ നിങ്ങളുടെ കരങ്ങളിൽ ഞാൻ സമർപ്പിക്കുന്നു.' പിന്നീട് ഒരു മണിക്കൂറോളം അവൻ ഉറങ്ങി. ഉണർന്നപ്പോൾ പിതാവിനോട് തന്റെ പ്രാർത്ഥനാ പുസ്തകമെടുത്ത് സന്തോഷകരമായ മരണത്തിനുള്ള പ്രാർത്ഥന ചൊല്ലുവാൻ ആവശ്യപ്പെട്ടു. അവന്റെ അമ്മ കരഞ്ഞുകൊണ്ട് പുറത്തേക്ക് പോയി. പിതാവിന്റെ പ്രാർത്ഥനകൾക്ക് കർത്താവേ എന്റെ മേൽ കരുണയുണ്ടാകണമേ എന്ന് അവൻ മറുപടി ചൊല്ലി. അങ്ങയുടെ കരുണയാൽ അവിടത്തെ മഹത്വം കാണുവാൻ എന്റെ ആത്മാവിനെ അനുവദിക്കണമേ, വിശുദ്ധരോടൊപ്പം ദൈവത്തിന് സ്തുതികൾ പാടുവാൻ എന്നെ യോഗ്യനാക്കണമേ, എന്നുള്ള വരികൾ ഉച്ചരിച്ചപ്പോൾ അതുമാത്രമാണ് എന്റെ ആഗ്രഹം എന്ന് അവൻ ബലഹീനമായ വാക്കുകളിൽ പ്രത്യുത്തരിച്ചു. പിന്നെ പതിയെ കണ്ണുതുറന്ന് അവന്റെ ഡാഡിയോട് പറഞ്ഞു- 'ഗുഡ് ബൈ.. ഡാഡീ..' അതെ അവൻ ഭൂമിയിലെ പിതാവിനോട് സന്തോഷത്തോടെ യാത്ര പറഞ്ഞ് സ്വർഗപിതാവിന്റെ പക്കലേക്ക് പോയി. മരണശേഷം അവൻ ഓറട്ടോറിയിലേക്ക് മടങ്ങി എന്നു വേണമെങ്കിൽ പറയാം. അവന്റെ ഭൗതീകാവശിഷ്ടങ്ങൾ അവിടെയാണ് സൂക്ഷിച്ചിരിക്കുന്നത്.

1950 മാർച്ച് മാസം അഞ്ചാം തിയതി പന്ത്രണ്ടാം പീയൂസ് പാപ്പ അവനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. 1954 ജൂൺ 12ന് വിശുദ്ധരുടെ ഗണത്തിലേക്കുയർത്തി. ഇന്നിന്റെ ഡോമിനിക്ക് സാവിയോ ആകുവാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. ജീവിതത്തിൽ യഥാർത്ഥ സന്തോഷവും സമാധാനവും

എന്താണെന്ന് ലോകത്തിന് പറഞ്ഞുകൊടുക്കുവാന് വിളിക്കപ്പെട്ടിരിക്കുന്നവർ. ജീവിതത്തെയും മരണത്തെയും ഭയക്കാതിരിക്കണമെങ്കിൽ നിത്യജീവിതത്തെക്കുറിച്ചുള്ള സ്വപ്നം ഹൃദയത്തിൽ സൂക്ഷിക്കുക. വിശുദ്ധരാകുവാൻ തീവ്രമായി യത്നിക്കുക. നിത്യജീവൻ സ്വന്തമാക്കുവാനുള്ള ഏക വഴി നിത്യതയിൽ വസിക്കുന്നവനെ സ്നേഹിക്കുക എന്നത് മാത്രമാണ്. പാപം എപ്പോഴും നമ്മുടെ മരണസമയത്തെ ഭയാനകമാക്കും. പുണ്യങ്ങൾ നമ്മുടെ മരണസമയത്തെ സന്തോഷപ്രദവുമാക്കും. മരണസമയത്ത് നിങ്ങളുടെ മുഖത്ത് പുഞ്ചിരി വിടരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ജീവിതകാലത്ത് പാപം ചെയ്യുന്നതിനേക്കാൾ മരണത്തെ സ്നേഹിക്കുക.

വിശുദ്ധ ഡോമിനിക് സാവിയോ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ...